ഭരണഭാഷ - മാതൃഭാഷ

നം:സ്പോർട്സ് (1)/10702/2025-ഡിജിഇ

പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയം

തിരുവനന്തപുരം, തീയതി :3/7/2025

ഇ-മെയിൽ : secret.dge@kerala.gov.in

പ്രേഷകൻ

പൊതുവിദ്യാഭ്യാസ ഡയറക്ടർ,
തിരുവനന്തപുരം

സ്വീകർത്താവ്

എല്ലാ വിദ്യാഭ്യാസ ഉപഡയറക്ടർമാർക്കും

സർ,

വിഷയം :- പൊതുവിദ്യാഭ്യാസം-പൊതുവിദ്യാഭ്യാസം - സ്പോർട്സ് - സുബ്രതോ കപ്പ് ഫുട്ബോൾ ടൂർണമെൻറ് 2025 - സബ് ജില്ല / ജില്ലാതല സെലക്ഷൻ നടത്തുന്നത് - സംബന്ധിച്ച്

സൂചന :- 1. സുബ്രതോ മുഖർജി സ്പോർട്സ് എഡ്യൂക്കേഷൻ സൊസൈറ്റിയുടെ 02.04.2025 തീയതിയിലെ കത്ത്

2. 29.05.2025 ലെ ഇതേ നം സർക്കുലർ

******************

ന്യൂഡൽഹിയിൽ വച്ച് 2025 ആഗസ്റ്റ് 16 മുതൽ സെപ്റ്റംബർ 25 വരെ നടത്താൻ നിശ്ചയിച്ചിട്ടുള്ള 64-ാം മത് സുബ്രതോ കപ്പ് ഫുട്ബോൾ ടൂർണമെൻറിന്റെ വിശദാംശങ്ങൾ സൂചന പ്രകാരം ലഭ്യമായിട്ടുണ്ട്. ഇതിന്റെ ഭാഗമായി 2025 ജൂലൈ 31 ന് സംസ്ഥാന ചാമ്പ്യൻ ടീമുകളുടെ വിവരങ്ങൾ കൈമാറേണ്ടതുണ്ട്. ആയതിനാൽ 2025 ജൂൺ 30 നകം ഉപജില്ല / ജില്ല മത്സരങ്ങൾ പൂർത്തിയാക്കി സംസ്ഥാനതല സുബ്രതോ മത്സരങ്ങൾക്കായി ടീമുകളെ സജ്ജരാക്കുവാൻ സൂചന (2) പ്രകാരം വിദ്യാഭ്യാസ ഉപഡയറക്ടർമാർക്ക് നിർദേശം നൽകിയിരുന്നു. എന്നാൽ നാളിതുവരെ ഒരു ജില്ലയിലും ടീം സെലക്ഷൻ പൂർത്തിയാക്കിയതായി കാണുന്നില്ല.

2025 വർഷത്തെ സുബ്രതോ കപ്പ് ഫുട്ബോൾ ടൂർണമെൻറ് സംസ്ഥാനതല മത്സരം ജൂലൈ 25, 26, 27, 28 തീയതികളിലായി തിരുവനന്തപുരത്ത് വച്ച് നടത്തുന്നതാണ്. ആയതിലേക്കായി **www.sports.kite.kerala.gov.in** എന്ന വെബ്സൈറ്റിൽ ഓൺലൈൻ രജിസ്ട്രേഷൻ പൂർത്തിയാക്കേണ്ട അവസാന തിയതി **08.07.2025** ആണ്. ഉപജില്ല / ജില്ല മത്സരങ്ങൾ **21.07.2025** ന് മുൻപായി നിർബന്ധമായും പൂർത്തിയാക്കുകയും ജില്ല ടീമിനെ തിരഞ്ഞെടുത്ത് സംസ്ഥാനതല മത്സരത്തിനായി സജ്ജമാക്കേണ്ടതുമാണ്. എല്ലാ വിദ്യാഭ്യാസ ഉപഡയറക്ടർമാരും മേൽ നിർദേശം വീഴ്ച്ച കൂടാതെ നടപ്പിലാക്കേണ്ടതാണ്.

വിശ്വസ്തതയോടെ,

പൊതുവിദ്യാഭ്യാസ ഡയറക്ടർക്കു വേണ്ടി